DESPATCHED
On...05/03/2020

13/01/2020

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

### ഹർജി നമ്പർ **CP No.1018(6)/2015**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*12696/എസ്.ഐ.സി–ജി 5/2015*)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീമതി. അമ്മു W/o നാകു,
കരുവപ്പാടത്ത് മംഗലം അംശം ദേശം,
വടക്കാഞ്ചേരി നം.2 വില്ലേജ്, പാലക്കാട് — പരാതി ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഭൂപരിഷ്ക്കരണ സ്പെഷ്യൽ തഹസിൽദാർ, ഭൂപരിഷ്ക്കരണ സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസ് ഒറ്റപ്പാലം, പാലക്കാട്
2. അപ്പീൽ അധികാരി & ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്ക്കരണം), ഒറ്റപ്പാലം, പാലക്കാട്

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 24.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.06.2015 |
| പരാതി ഹർജി നൽകിയ തീയതി | 28.07.2015 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 30.07.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07.08.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് തീയതി & സ്ഥലം | 10.01.2020 വീഡിയോ കോൺഫറൻസ് ഹാൾ പാലക്കാട് കളക്ടറേറ്റ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>എതിർകക്ഷി<br>പരാതി ഹർജിക്കാരി | <br>ഹാജരായി<br>ഹാജരായി (പ്രതിനിധി) |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി. അമ്മു കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ ആവശ്യപ്പെട്ട വിവരം എസ്.എം. 2257/74 ഫയൽ സംബന്ധിച്ച് ആയിരുന്നുവെന്നും ആയത് കണ്ടെത്താൻ ആയില്ല എന്നാണ് ഒന്നാം എതിർകക്ഷി അറിയിച്ചതെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ നൽകിയെന്നും അപ്പീൽ അധികാരിയുടെ ഉത്തരവ് പ്രകാരം ഫയൽ കണ്ടെത്തി വിവരം നൽകാൻ നിർദ്ദേശിച്ചെങ്കിലും ഫയൽ കണ്ടെത്താൻ ആയില്ല എന്ന മറുപടിയാണ് നൽകിയതെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, ടിയാൾക്ക് ഒറ്റപ്പാലം ലാൻറ് ട്രിബ്യൂണലിൽ നിന്നും 1974 ലെ 2257 –ാം നമ്പർ പട്ടയം അനുവദിച്ചു നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് അനുവദിച്ചു നൽകണമെന്നുമാണ്. ടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട ഫയലിനായി വിശദമായ തെരച്ചിൽ നടത്തിയെങ്കിലും ആയത് കണ്ടെത്താനായില്ല എന്നാണ്. ഹർജിക്കാരിയുടെ അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട വിവരം അടങ്ങിയ ഫയൽ 30 ദിവസങ്ങൾക്കകം കണ്ടെത്തി ഹർജിക്കാരി അവശ്യപ്പെട്ട വിവരം നൽകണമെന്നാണ്. ആയതിനെ തുടർന്ന് ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് നൽകിയ മറുപടിയിൽ അറിയിച്ചത്, ബന്ധപ്പെട്ട ഫയൽ കണ്ടെത്തുന്നതിനായി റെക്കോർഡ് അറ്റൻഡർക്ക് നിർദ്ദേശം നൽകിയെങ്കിലും ഫയൽ കണ്ടെത്താനായില്ല എന്നാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട എസ്.എം. 2257/74 നമ്പർ ഫയൽ കണ്ടെത്തി ആയതിന്റെ പകർപ്പ് ഹർജിക്കാരിക്ക് 06.01.2020 തീയതി അയച്ചു നൽകിയിട്ടുള്ളതാണെന്നാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരി പ്രസ്താവിച്ചത്, 06.01.2020 തീയതി അയച്ചു നൽകിയെന്നു അവകാശപ്പെടുന്ന കത്ത് ടിയാൾക്ക് ലഭിച്ചിട്ടില്ല എന്നാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി ആവശ്യപ്പെട്ട പട്ടയ പകർപ്പ് കണ്ടെത്തി 06.01.2020 തീയതി ഹർജിക്കാരിക്ക് അയച്ചു നൽകിയിട്ടുള്ളതായി കാണുന്നു. ആയത് ഹർജിക്കാരിക്ക് ലഭ്യമായിട്ടില്ല എങ്കിൽ

ഹർജിക്കാരിയോ ടിയാൾ അധികാരപ്പെടുത്തുന്ന വ്യക്തിയോ ഒറ്റപ്പാലം സ്പെഷ്യൽ തഹസിൽദാർ (ഭൂപരിഷ്ക്കരണം) ഓഫീസിൽ ഹാജരാകുന്ന മുറയ്ക്ക് ആയതിന്റെ പകർപ്പ് സൗജന്യമായി നൽകണമെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020, ജനുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp